ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മാടായി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, മാടായി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, ഏഴോം വെൽഫെയർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം, മാട്ടൂൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം എന്നിവയുടെ നിലവിലെ നിർമ്മാണ പുരോഗതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ സുരക്ഷ

175(2816) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ചുറ്റുമതിൽ ,ഗേറ്റ് എന്നിവ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടി ക്വാർട്ടേഴ്സ് കോമ്പൗണ്ടുകളിൽ നിൽക്കുന്ന പാഴ് വൃക്ഷങ്ങൾ ഒഴിവാക്കി പകരം ഔഷധ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഗേറ്റുകൾക്കുസമീപം ക്യാറ്റിൽ ട്രാപ്പുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിഷയം ഗൗരവമായി പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിൻകീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രവൃത്തി

176(2817) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചു; ഓരോന്നിന്റെയും വിശദാംശം, സർക്കാർ ഉത്തരവ്, അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും കാലിക സ്ഥിതി എന്നിവ വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ അനുവദിച്ച നിർമ്മാണ പ്രവർത്തനങ്ങളുടേയും ഫണ്ടിന്റേയും വിശദാംശങ്ങൾ (സർക്കാർ ഉത്തരവ്, അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും കാലിക സ്ഥിതി എന്നിവ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ആധുനിക രീതിയിലുള്ള ലാബ് സംവിധാനം ഒരുക്കുകയും ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിശീലന പദ്ധതികളും നൽകിവരുന്നുണ്ട്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഓൺലൈനായി മേൽ ഓഫീസുകളിലേയ്ക്ക് അയയ്ക്കുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി PRICE സോഫ്റ്റ്വെയർ തയ്യാറാക്കി ഉപയോഗിച്ചുതുടങ്ങി.

റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി

177(2818) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡുകളുടെ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നിബന്ധന പൊതുമരാമത്ത് മാന്വൽ പ്രകാരം നിലവിലുണ്ട്. റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയശേഷം നിശ്ചിത കാലാവധിക്ക് ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly